(സി) സൗത്ത് സർക്കിൾ സപ്ലൈ ഡിവിഷൻ എഞ്ചിനീയറോട് നിവേദനത്തിലെ ആവശ്യം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

കുട്ടിപ്പുഴ പഞ്ചായത്ത്

76 [115] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടിപ്പുഴ പഞ്ചായത്തിനെ തിരുവല്ല മുനിസിപ്പാലിറ്റിയോട് ചേർക്കണമെന്ന നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം

77 [116] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ഈ സാമ്പത്തികവർഷത്തിൽ എത്ര പഞ്ചായത്തുകളിൽക്കൂടി ശുദ്ധജലവിതരണപദ്ധതിക്ക് പരിപാടിയുണ്ട്;

(ബി) ശുദ്ധജലവിതരണത്തിന്റെ മേൽനോട്ടം വഹിക്കുവാൻ ഒരു വാട്ടർബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഏലപ്പാറയിൽ ശുദ്ധജലവിതരണത്തിനു ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ പണി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴത്തെ 208 ഗ്രാമീണ ശുദ്ധജലവിതരണപദ്ധതികളുടെ പണി (213 പഞ്ചായത്തുകൾക്കു പ്രയോജനപ്പെടുന്ന) പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇവയിൽ 50 പദ്ധതികളും ഈ സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കാമെന്നു പ്രതീക്ഷിക്കുന്നു. ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്നതനുസരിച്ച് ഇക്കൊല്ലം ചില പദ്ധതികൾകൂടി (ത്വരിതഗമന ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിയിൽപ്പെടുത്തി) ആരംഭിക്കുന്നതാണ്.

(ബി) ഒരു വാട്ടർ സപ്ലൈ ആൻഡ് സ്യൂവറേജ് ബോർഡ് രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

(സി) ഏലപ്പാറ ശുദ്ധജലവിതരണപദ്ധതിക്കുവേണ്ടിയുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിശദമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയതിനുശേഷം പണത്തിന്റെ ലഭ്യതയനുസരിച്ച് പണി തുടങ്ങുന്നതാണ്.

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

78 [117] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല;

(ബി) ഇതിനുള്ള കാരണങ്ങൾ എന്താണ്;

(സി) ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് തെരഞ്ഞെടുപ്പ് നടത്താത്തത്;

(ഡി) വണ്ടിപ്പെരിയാർ, കുമിളി, പെരുവന്താനം പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുവാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടായിരുന്നോ?

ഉത്തരം

(എ) 66 പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല.

(ബി) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിലേക്കും വാർഡ് വിഭജനം പൂർത്തിയാകാതിരുന്നതിനാലും വോട്ടർപട്ടിക പുതുക്കിയതിനോടനുബന്ധിച്ച് റിസർവേഷൻ വാർഡുകൾ മാറ്റേണ്ടിയിരുന്നതിനാലുമാണ് തെരഞ്ഞെടുപ്പ് നടത്താതിരുന്നത്.

(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ശബരിഗിരി എന്ന പുതിയ പഞ്ചായത്തുണ്ടാക്കുന്നതിലേക്ക് വണ്ടിപ്പെരിയാർ, കുമിളി എന്നീ പഞ്ചായത്തുകൾ വിഭജിക്കേണ്ടിയിരുന്നതുകൊണ്ട് ഈ രണ്ടു പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല.

പെരുവന്താനം പഞ്ചായത്തിലെ വാർഡുവിഭജനം സംബന്ധിച്ച റിവിഷൻ ഹർജിയിൻമേൽ തീർപ്പ് കൽപിക്കാതിരിക്കുന്നതുകൊണ്ട് പ്രസ്തുത പഞ്ചായത്തിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

79 [118] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, എൻ. വാസുദേവൻപിള്ള:

,, എം. സത്യനേശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു മൊത്തം എത്ര സംഖ്യ ചെലവുവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly